**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5136** **02-11-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് കൃഷി വകുപ്പിൽ സ്ഥിരം തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പിൽ നാളിതുവരെയായി എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇങ്ങനെ സൃഷ്ടിച്ച തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ചെലവ് ഏത്ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്; വ്യക്തമാക്കാമോ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മയ്ക്കായി ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നതിനുള്ള ചെലവ് ആത്മ പദ്ധതി ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നത്. (60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും )കേന്ദ്രാവിഷ്കൃത പദ്ധതിയായ ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മാന്യുർ പ്രോഗ്രാം (NNBOMP) ൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ മിനിസ്ട്രി ഓഫ് ന്യൂ & റിന്യൂവബിൾ എനർജി വിഭാഗത്തിൽ നിന്നും എല്ലാ വർഷവും ടാർജറ്റും അലോക്കേഷനും നൽകുകയും ആയത് ജില്ലകൾക്ക് വീതിച്ച് നൽകുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട് പദ്ധതിക്കും, ജോലി നോക്കുന്ന സ്ഥിരം ജീവനക്കാർക്ക് ശമ്പളയിനത്തിലും സംസ്ഥാന ബഡ്ജറ്റിൽ 2810-00-105-99-01-പ്ലാൻ സാലറീസ് ശീർഷകത്തിൽ തുക അനുവദിച്ചു വരുന്നു. പദ്ധതി നടപ്പിലാക്കി കഴിയുന്ന മുറയ്ക്ക് അക്കൗണ്ടന്റ് ജനറൽ നൽകുന്ന യൂട്ടിലൈസേഷൻ ഓഡിറ്റ് സർട്ടിഫിക്കറ്റ് (UC) പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് ഫണ്ട് റീ ഇംബേഴ്സ് ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മയ്ക്കായി ആത്മ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 18/10/2011 ലെ സ.ഉ.(കൈ)നം 232/2011/കൃഷി, 01/10/2013 ലെ സ.ഉ.(കൈ)നം 293/2013/കൃഷി എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സൃഷ്ടിച്ച സ്ഥിരം തസ്തികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തസ്തികകളുടെ വിവരം | പുതുതായി സൃഷ്ടിച്ചവയുടെ എണ്ണം |
|---|---|---|
| സംസ്ഥാന തലത്തിൽ (സമേതി ) | | |
| 1. | അഡീഷണൽ ഡയറക്ടർ | 1 |
| 2. | ഡെപ്യൂട്ടി ഡയറക്ടർ | 8 (കൃഷി-4 , ഫിഷറീസ്- 1 , മൃഗ സംരക്ഷണം - 2 , ഡയറി- 1 ) |
| 3. | സീനിയർ സൂപ്രണ്ട് | 1 |
| ജില്ലാ തലത്തിൽ സൃഷ്ടിച്ച തസ്തികകൾ (ആത്മ) | | |
| 1. | കൃഷി ജോയിന്റ് ഡയറക്ടർ | 14 |
| 2. | ഡെപ്യൂട്ടി ഡയറക്ടർ | 14 (കൃഷി-7 , ഫിഷറീസ്- 1 , മൃഗ സംരക്ഷണം- 4 , ഡയറി- 2 ) |
| 3. | അസിസ്റ്റന്റ് ഡയറക്ടർ | 14 (കൃഷി-5 , ഫിഷറീസ്-2 , മൃഗ സംരക്ഷണം- 5 , ഡയറി- 2) |
| 4. | സീനിയർ സൂപ്രണ്ട് | 14 |

കേന്ദ്രാവിഷ്കൃത പദ്ധതിയായ ന്യൂ നാഷണൽ ബയോഗ്യാസ് & ഓർഗാനിക് മാന്യർ പ്രോഗ്രാം (NNBOMP) ൽ നാളിതുവരെ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷിവകുപ്പിലെ 11 സ്ഥിരം ജീവനക്കാർ ജോലി ചെയ്തു വരുന്നു. വിശദാംശങ്ങൾ ചുവടെ നൽകുന്നു.

<u>കൃഷിഡയറക്ടറേറ്റ് സെക്ഷനിൽ 4 ജീവനക്കാർ</u>

| | | |
|---|---|---|
| 1) | കൃഷി അഡീഷണൽ ഡയറക്ടർ | 1 എണ്ണം<br>ബയോഗ്യാസ് പദ്ധതിയോടൊപ്പം ഫാംസ്, വെജിറ്റബിൾ ഡവലപ്മെന്റ് എന്നീ പദ്ധതികളിൽ സംസ്ഥാന ചുമതല കൂടി വഹിക്കുന്നു. |
| 2) | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1 എണ്ണം |

| | | |
|---|---|---|
| | | ബയോഗ്യാസ് പദ്ധതിയോടൊപ്പം, ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള വിളകൾ, അട്ടപ്പാടി മില്ലറ്റ് വില്ലേജ്, NFSM, പൾസസ്, കിഴങ്ങ് വർഗ്ഗങ്ങൾ, ഓയിൽ സീഡ്സ്, NMSA – RAD, (TC, TA, TK) സെക്ഷനുകൾ കൂടി കൈകാര്യം ചെയ്യുന്നു. |
| 3) | ഹെഡ് ക്ലാർക്ക് | 1 എണ്ണം |
| 4) | ക്ലാർക്ക് | 1 എണ്ണം |
| തിരുവനന്തപുരം ജില്ലാ കൃഷി ഓഫീസ് | | |
| വർക്ക് സൂപ്രണ്ടുമാർ | | 3 എണ്ണം |
| കോട്ടയം ജില്ലാ കൃഷി ഓഫീസ് | | |
| വർക്ക് സൂപ്രണ്ടുമാർ | | 4 എണ്ണം |
| ആകെ | | **11 പേർ** |